പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 114 — 04/12/2014 ൽ മറുപടിയ്ക്ക്

## പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എ.റ്റി. ജോർജ്ജ്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വില്ലേജാഫീസുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ആദ്യഘട്ടമായി സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) കമ്പ്യൂട്ടർവൽകൃത ഭൂരേഖ വിതരണം ചെയ്യുക എന്ന അടിസ്ഥാനലക്ഷ്യവുമായിട്ടാണ് ഈ പദ്ധതി ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്. രജിസ്ട്രേഷൻ വകുപ്പ് വഴി നടത്തപ്പെടുന്ന ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട് ഓൺലൈൻ പോക്കുവരവ് സാധ്യമാക്കി അതുവഴി കോമൺ ലാന്റ് ഡാറ്റാബേസിന്റെ തത്സമയ നാളതീകരണം ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും, വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയുമില്ല. പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകില്ല. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു ഉദ്ദേശ്യലക്ഷ്യം. |

| | |
|---|---|
| (സി) പ്രസ്തുത സമ്പ്രദായം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; | (സി) നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുളള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചു കിട്ടുകയും, വില്ലേജ് റിക്കാർഡുകളുടെ കൃത്യത ഉറപ്പാക്കുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ, പോക്കുവരവുകളും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയ ബന്ധിതമായ ജമമാറ്റം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ, മാറിപ്പോകാതെയും സൂക്ഷിക്കുവാൻ കഴിയുന്നു. |
| (ഡി) പ്രസ്തുത സമ്പ്രദായം നടപ്പിലാക്കുന്നതിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത്; വ്യക്തമാക്കാമോ ? | (ഡി) റവന്യൂ, സർവ്വെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളും, റവന്യൂ ഐ.റ്റിസെൽ, എൻ.ഐ.സി., അക്ഷയ സെന്റർ എന്നീ ഏജൻസികളുമാണ് ഇതിനായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ